**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5637** **08-07-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ താഴ്ന്ന വിഭാഗം ഉദ്യോഗസ്ഥർ അനുഭവിക്കുന്ന മാനസിക സമ്മർദ്ദം കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് തസ്തിക സഹിതം വ്യക്തമാക്കുമോ; ഇതിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർവീസ് കാലയളവിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഓരോരുത്തർക്കും എതിരെ സ്വീകരിച്ച വകുപ്പുതല നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 25.05.2016 മുതൽ 30.06.2024 വരെ സർവീസിൽ ഇരിക്കെ 130 പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിൽ 19 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർവീസ് കാലയളവിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പോലീസ് സേനയിലെ താഴ്ന്ന വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ നിസ്സാരകാരണങ്ങൾക്ക് പോലും ഗുരുതരമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നത് സേനയിൽ വലിയ മാനസിക സമ്മർദ്ദം ഉണ്ടാക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്ത് തിരുത്തൽ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പോലീസ് വകുപ്പിൽ നിസ്സാര കാരണങ്ങൾക്ക് ഗുരുതരമായ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുന്നതായും അക്കാരണത്താൽ ആത്മഹത്യകൾ ഉണ്ടാകുന്നു എന്നും വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ